## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ : 245

21.06.2012- ലെ
മറുപടിക്ക്

### കയർ തറികളുടെ പുനരുദ്ധാരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ദാസൻ<br>ഡോ. ടി.എം. തോമസ് ഐസക്<br>ശ്രീ. സി.കെ. സദാശിവൻ<br>,, എ.എം. ആരിഫ് | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ കയർ തറികൾ പുനരുദ്ധരിക്കാനും ആധുനികവൽക്കരിക്കാനുമുള്ള കയർ ബോർഡിന്റെ പദ്ധതി പ്രവർത്തനം സംബന്ധിച്ച് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ; | (എ) കയർ ബോർഡ് കേന്ദ്ര സർക്കാർ സ്ഥാപനമായതിനാൽ പദ്ധതി പ്രവർത്തനം സംബന്ധിച്ച് സംസ്ഥാന സർക്കാർ വിലയിരുത്താറില്ല. |
| (ബി)പദ്ധതിയുടെ ഭാഗമായുള്ള കയർ തറി നൽകിയെന്ന് വ്യാജരേഖയുണ്ടാക്കി കേന്ദ്ര സബ്സിഡി തട്ടിപ്പ് നടത്തിയ കേസിൽ സി.ബി.ഐ. അന്വേഷണം നടന്നതായി അറിയാമോ ; വിശദമാക്കുമോ ;<br>(സി) കയർ കോർപ്പറേഷൻ ചെയർമാൻ അടക്കം ഏഴ് പേർക്കെതിരെ സി.ബി.ഐ. കോടതിയിൽ എഫ്.ഐ.ആർ. നൽകിയിട്ടുണ്ടോ; വിശദമാക്കുമോ ;<br>ഡി) കയർ രംഗത്തെ ആർക്കെല്ലാം ലഭിക്കേണ്ടിയിരുന്ന സബ്സിഡിയാണിവർ തട്ടിപ്പ് നടത്തി നഷ്ടപ്പെടുത്തിയതെന്ന് അറിയാമോ; എത്ര കോടി രൂപ ഇത്തരത്തിൽ തട്ടിപ്പ് നടത്തി; വിശദമാക്കുമോ ; | (ബി) (സി)& (ഡി)<br>ഈ വകുപ്പിൽ ഇത് സംബന്ധിച്ച വിവരം ലഭ്യമല്ല. |
| ഇ) ശ്രീ. രാജേന്ദ്രപ്രസാദ് ഇപ്പോഴും കയർ കോർപ്പറേഷൻ ചെയർമാൻ സ്ഥാനത്ത് തുടരുന്നുണ്ടോ ? | ഇ) ഉണ്ട്. |

സെക്ഷൻ ഓഫീസർ